# അറിവിന്റെ ഇന്ദ്രജാലം;

## വിസ്മയ ലോകം വിരൽ തുമ്പിൽ.



## എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

ചീഫ് എഡിറ്റർ : ശ്രീ. ഷാജഹാൻ .എസ് (ഹെഡ്മാസ്റ്റർ)

അസ്സോ.എഡിറ്റർ : ശ്രീമതി. ഹണിമോൾ.ജി.എൽ ( കൈറ്റ് മിസ്ട്രസ്സ്)

സബ് എഡിറ്റർ : കുമാരി.സയന.ബി

കുമാരി.ദേവി നന്ദന.ഡി.എസ്

കുമാരി. പൂജ. എ.ജെ

കുമാരി.അനാമിക. ജി

കുമാരി. കൃഷ്ണ .എസ്

# എഡിറ്റോറിയൽ

നവവിസ്മയങ്ങളുടെ ലോകത്തിലാണ് പുതുതലമുറയുടെ സഞ്ചാരം.
അടുക്കുംതോറും അകലുന്നതാണീ അറിവിന്റെ ചക്രവാളം, അത് തേടിയുള്ള മനുഷ്യന്റെ യാത്രയ്ക്ക് ചരിത്രാതീത കാലത്തോളം പഴക്കമുണ്ട് അതിനുള്ള നവമാധ്യമമായി കമ്പ്യൂട്ടർ നിത്യവിസ്മയമായി നിലകൊള്ളുന്നു.പാഠപുസ്തകത്തിനപ്പുറം,ലോകത്തെ അറിയാൻ,കാലത്തെ മനസ്സിലാക്കാൻ, ഇന്നൊരു വിരൽത്തുമ്പിന്റെ ചെറുചലനം മതി.ആദ്യ കമ്പ്യൂട്ടറായ "എനിയാക്" മുതൽ നമ്മുടെ കൈപ്പിടിയിൽ ഒതുങ്ങുന്ന തരത്തിലുള്ള സാങ്കേതികവിദ്യയുടെ തുടർചലനങ്ങൾ കൈപ്പിടിയിലൊതുങ്ങുന്നതിനുമപ്പുറമാണ്. വിജ്ഞാനത്തിന്റെ വിശാലതയിലേക്ക് പറന്നുയരുവാൻ, അറിവിന്റെ അനന്തതയിലേക്ക് പുതിയ പടവുകൾ തേടി ലോകം ഇന്നും യാത്ര തുടരുന്നു.....ഈ വലിയ പ്രപഞ്ചത്തിന്റെ ഒരു കോണിലിരുന്ന് കൂട്ടുകാർക്കായി അറിവിന്റെ ഇന്ദ്രജാല വിരുന്നൊരുക്കുകയാണ് നാം. സാങ്കേതികതയോടൊപ്പം സാഹിത്യത്തിന്റെ ഹൃദയാക്ഷരങ്ങളും ചേർത്ത് "ലിറ്റിൽ കൈറ്റ്സ്" വിദ്യാർത്ഥികൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസീൻ "അറിവിന്റെ ഇന്ദ്രജാലം" നിങ്ങൾക്കായി സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം,

സയന.ബി

ദേവിനന്ദന.ഡി എസ്

ആശംസ,




പ്രപഞ്ച രഹസ്യങ്ങൾ തേടിയുള്ള യാത്രയിൽ നവീന സാങ്കേതിക വിദ്യയുടെ പ്രധാന്യം വാക്കുകൾക്കതീതമാണ്.അത് പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വപ്നതുല്യമായ ഒരു നവയുഗം കെട്ടിപ്പടുക്കുവാനുള്ള പ്രയാണം അനസൂതം തുടരട്ടെ.കമ്പ്യൂട്ടറിന്റെ ചിറകിലേറി നമുക്ക് പറക്കാം പരിപൂർണം വിശ്വമാനവനായി.
ഗവ. GHSS അഞ്ചൽ ഈസ്റ്റിലെ ലിറ്റിൽ കൈറ്റ്സിൻെറ "അറിവിന്റെ

ഇന്ദ്രജാലം"എന്ന ഡിജിറ്റൽ മാഗസീന് എല്ലാ ആശംസകളും നേരുന്നു.

സസ്നേഹം

ശ്രീ.ഷാജഹാൻ

(ഹെഡ്മാസ്റ്റർ)

GHSS ANCHAL EAST

ആശംസ ,



അറിവിന്റെ ലോകം അതിവേഗം വികസിക്കുന്ന ഈ കാലഘട്ടത്തിൽ വിജ്ഞാനത്തിന്റെ വിശാലനഭസ്സിലേക്കെത്താനുള്ള എല്ലാ സാഹചര്യവും നമുക്കുണ്ട്. ഗവ. GHSS അഞ്ചൽ ഈസ്റ്റിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസീൻ പുറത്തിറങ്ങുകയാണ്. പുതുമകളുടെ ലോകത്ത് പുത്തനറിവുകളുമായി ഈ സംരംഭം മുന്നോട്ടു പോകട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

ശ്രീ.ഗണേഷ്. എസ്

(P.T.A  പ്രസിഡന്റ്)

GHSS ANCHAL EAST

# ആമുഖം

പ്രിയ  സുഹൃത്തുക്കളെ,

കമ്പ്യൂട്ടറിനെ കുറിച്ച്  കൂടുതൽ അറിയാനും മനസിലാക്കാനും സഹായിക്കുന്ന, ലളിതമായ ഭാഷയിലവതരിപ്പിക്കുന്ന ഒരു മാതൃകപരമായ പതിപ്പാണ് "അറിവിന്റെ ഇന്ദ്രജാലം".കമ്പ്യൂട്ടറിനെ മനസിലാക്കുന്നതിലുപരി വിജ്ഞാനപ്രദമായ ചോദ്യോത്തരങ്ങളും രസകരമായ കവിതകളും കഥകളും മറ്റും ഈ പതിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു.ഈ ലളിതമായ പതിപ്പ് ഏവരുടേയും ഹൃദയത്തിൽ ഇടംനേടും എന്ന ശുഭ പ്രതീക്ഷയോടെ,

സയന. ബി ,  ദേവിനന്ദന. ഡി .എസ്

## ഉള്ളടക്കം


# 1.കമ്പ്യൂട്ടറിനെ അറിയാൻ




- കമ്പ്യൂട്ടർ-ഒരു ഇലക്ട്രോണിക് ഉപകരണം
- കമ്പ്യൂട്ടർ ലോകത്തെ നാഴിക കല്ലുകൾ
- പ്രധാന ഇനം കമ്പ്യൂട്ടറുകൾ
- ചുരുക്കെഴുത്തുകൾ
- വിജ്ഞനപ്രദമായ ചോദ്യോത്തരങ്ങൾ

# 2. കവിതകൾ

- നെൽക്കതിർ
- മഴ
- കാത്തിരിപ്പ്
- അമ്മക്കിളി

# 3. പാടി രസിക്കാം

- പൂമ്പാറ്റ
- കുഞ്ഞിതത്ത
- കാക്കക്കുളി

# 4. കഥകൾ

- കീരിയും കുഞ്ഞുങ്ങളും
- അലാവുദീനും അത്ഭുതവിളക്കും

- "അങ്ങനെ പറഞ്ഞാ സൂചി കിട്ട്വോ?”
- വികൃതിയായ കുരങ്ങൻ
- 5. ക്വിസ്

# 1.കമ്പ്യൂട്ടറിനെ അറിയാൻ

## കമ്പ്യൂട്ടർ ഒരു ഇലക്ട്രോണിക് ഉപകരണം

വിവരങ്ങൾ സൂക്ഷിക്കുവാനും സംസ്കരിച്ചെടുക്കുമുള്ള ഒരു ഇലക്ട്രോണിക് ഉപകരണമാണ് കമ്പ്യൂട്ടർ.നിർദേശങ്ങളുടെ ഒരു സമാഹാരമുഖേന വിവരങ്ങൾ നടപടിക്കുവിധേയമാക്കുന്ന ഒരു പ്രയോഗോപകരണം അഥവാ ഇലക്ട്രോണിക് ഉപകരണമാണിത്.പ്രോഗ്രാമബിൾ കമ്പ്യൂട്ടറുകളുടെ പിതാവ് എന്നറിയപ്പെടുന്ന ചാൾസ് ബാബേജ് ഒരു ഗണിതശാസ്ത്രജ്ഞനായിരുന്നു.അക്കാലത്ത് കണക്ക് കൂട്ടലുകളിൽ വളരെയധികം പിഴവുകൾ ഉണ്ടായിരുന്നു.ഇത് അദ്ദേഹത്തെ തെറ്റുകൾ കൂടാതെ കണക്ക് കൂട്ടലുകൾ ചെയ്യാൻ പ്രപ്തമായ ഒരു യന്ത്രത്തെ കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ചു.1822 ജൂൺ14 ന് റോയൽ ആസ്ട്രോണമിക്കൽ സൊസൈറ്റിയിലദ്ദേഹം സിഫെൻസ് എഞ്ചിൻഎന്ന ആശയം ആദ്യമായി അവതരിപ്പിച്ചു.കണക്ക് കൂട്ടുകഎന്നർത്ഥമുള്ള'കമ്പ്യൂട്ട്'എന്നപദത്തിൽനിന്നാണ് കമ്പ്യൂട്ടർ എന്ന പദത്തിൻെറ ഉത്ഭവം.1613-ൽ ഈ പദം ഉപയോഗിച്ചുതുടങ്ങി.

*അബാക്കസ്* ആണ് അദ്യത്തെ കമ്പ്യൂട്ടറായി അറിയപ്പെടുന്നത്.അക്ഷരങ്ങളെ അക്കങ്ങളും കമ്പ്യൂട്ടറിൽ ബൈനറി രൂപത്തിൽ സൂക്ഷിക്കുന്നു.

## കമ്പ്യൂട്ടർ ലോകത്തെ നാഴിക കല്ലുകൾ

19-ാം നൂറ്റാണ്ടിൽ ഗണിതശാസ്ത്രജ്ഞനായ ചാൾസ് ബാബേജ് ആദ്യമായി കമ്പ്യൂട്ടർ രൂപ കല്പന ചെയ്തു. വാനെവർ ബുഷ് (1890-1974) എന്ന അമേരിക്കൻ എൻജിനിയർ ആണ് ഇന്നത്തെ തരത്തിലുള്ള ഒരു കമ്പ്യൂട്ടർ നിർമ്മിച്ചത്.

മാർക്ക്-1

1943-ൽ 'ഹാർവേർഡ് യൂണിവേഴ്സിറ്റി'യിൽ നിർമ്മിച്ച പ്രസിദ്ധമായ ഒരു ഇനം കമ്പ്യൂട്ടർ.

എനിയാക്

1946-ൽ 'പെൻസിൽവാനിയ' എന്ന യൂണിവേഴ്സിറ്റിയിൽ നിർമ്മിച്ച കമ്പ്യൂട്ടർ.മാർക്ക്-1 കമ്പ്യൂട്ടറിനെക്കാളും മൂന്നിരട്ടി വലുതാണിത്.

എഡ്വാക്

1950-ൽ അമേരിക്കയിലെ 'പെൻസിൽവാനിയ' യൂണിവേഴ്സിറ്റിയിൽ നിർമ്മിക്കപ്പെട്ട കമ്പ്യൂട്ടർ.ബൈനറി ഗണിതമുപയോഗിച്ചുള്ളതും പ്രോഗ്രാമുകൾ

സംവരിക്കുന്നതിനും കഴിവുണ്ടായിരുന്ന ആദ്യ കമ്പ്യൂട്ടറായിരുന്നു ഇത്.

യൂണിവാക്-1

1951-ൽ അമേരിക്കയിൽ നിർമിക്കപ്പെട്ട ഇത് അക്കങ്ങളും അക്ഷരങ്ങളും പ്രോസസ്സ് ചെയ്യുന്നതിനുപയോഗിച്ച ആദ്യ കമ്പ്യൂട്ടറായിരുന്നു.

ക്രേ-1

ആദ്യത്തെ വ്യവസായിക സൂപ്പർ കമ്പ്യൂട്ടർ.1976-ൽ നിർമ്മിച്ച ഇത് ഒരു സെക്കൻറിൽ 200 ദശലക്ഷം കണക്കുകൾ വരെ ചെയ്യുന്നു.

## പ്രധാന ഇനം കമ്പ്യൂട്ടറുകൾ

ഡെസ്ക് ടോപ്പ്

പാം ടോപ്പ്
ലാപ്പ് ടോപ്പ്
സെർവർ കമ്പ്യൂട്ടർ
സൂപ്പർ കമ്പ്യൂട്ടർ

കൈപ്പിടിയിലൊതുങ്ങുന്ന PDA മുതൽ നിമിഷാർദ്ധത്തിൽ കോടാനുകോടി ഗുണനങ്ങൾ വരെ നടത്താൻ കഴിവുള്ള സൂപ്പർ കമ്പ്യൂട്ടർ വരെയുള്ളവ ഈ ഗണത്തിൽപ്പെടും.
ബൈനറി സംഖ്യാസമ്പ്രദായമാണ് കമ്പ്യൂട്ടറുകളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനം.ആദ്യകാലങ്ങളിൽ കമ്പ്യൂട്ടറുകൾ കണക്ക് കൂട്ടലുകൾക്ക് മാത്രമാണുപയോഗിച്ചിരുന്നത്.എന്നാൽ,ഇന്ന കമ്പ്യൂട്ടറിന്റെ കെട്ടിലും മട്ടിലും ഉപയോഗത്തിലും ധാരാളം മാറ്റങ്ങൾ വന്നു.കാൽക്കുലേറ്ററുകൾ നിരന്തരമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരുന്നു.ഇതിൽ നിന്നു വ്യത്യസ്തമായി കമ്പ്യൂട്ടറുകൾക്ക് മെമ്മറി ആവശ്യമായിരുന്നു.

1940 മുതൽ എല്ലാ ദശകത്തിലും കമ്പ്യൂട്ടർ സാങ്കേതികവിദ്യയിൽ മഹത്തായ മാറ്റങ്ങൾ രൂപം കൊണ്ടു.

## ചുരുക്കെഴുത്തുകൾ

**BASIC**
ബിഗിനേർഡ് ആൾ പർപ്പസ് സിംബോളിക് ഇൻസ്ട്രക്ഷൻ കോഡ്

**Bit**
ബൈനറി ഡിജിറ്റ്

**CPU**
സെൻട്രൽ പ്രോസസ്സിംഗ് യൂണിറ്റ്

**CRT**
കാഥോഡ് റേ റ്റ്യൂബ്

**GIGO**
ഗാർബേജ് ഇൻ ഗാർബേജ് ഔട്ട്

**I/O**
ഇൻ പുട്ട്/ഔട്ട് പുട്ട്

**KB**

കിലോ ബൈറ്റ്

PC
പേഴ്സണൽ കമ്പ്യൂട്ടർ

RAM
റാൻഡം ആക്സസ് മെമ്മറി

ROM
റീഡ് ഒൺലി മെമ്മറി

## വിജ്ഞാനപ്രദമായ ചോദ്യോത്തരങ്ങൾ

1.കമ്പ്യൂട്ടറിൻെറ പിതാവാര് ?
ചാൾസ് ബാബേജ്

2.GIGO എന്നതിൻെറ പൂർണരൂപം?
ഗാർബേജ് ഇൻ ഗാർബേജ് ഔട്ട്

3.കമ്പ്യൂട്ടർ തെറ്റുകളെ പറയുന്ന പേര്?
bugs

4.കമ്പ്യൂട്ടറിലെ തെറ്റുകളെ ശരിയാക്കുന്നതിന് പറയുന്ന പേര് ?
ഡീബഗ്ഗിങ്

5.കമ്പ്യൂട്ടർ വൈറസ് എന്നാൽ?
കമ്പ്യൂട്ടറിൻെറ പ്രവർത്തനം മുഴവനും താറുമാറാക്കുന്ന ചില പ്രോഗ്രാമുകൾ.

6.ഇൻഫോർമേഷൻ സിദ്ധാന്തത്തിൻെറ ഉപജ്ഞാതാവ്

ആര് ?
ക്ലാഡ് ഷാനൻ

7.ഇൻറർനെറ്റിൻെറ പിതാവ് എന്ന് വിശേഷിപ്പിക്കുന്നത് ആരെ ?
വിൻറൺ സർഫ്

8.വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ആദ്യത്തെ കണക്കുക്കൂട്ടൽ യന്ത്രം കണ്ടെത്തിയത് ആര് ?
ഹെർമൻ ഹോളറിത്ത്
യന്ത്രം:-ടാബുലേറ്റിംഗ് മെഷീൻ

9.കമ്പ്യൂട്ടറിൻെറ അനുബന്ധഘടകങ്ങളിൽ കമ്പ്യൂട്ടറിലേക്ക് ദൃശ്യങ്ങൾപകർത്താൻ ഉപയോഗിക്കുന്ന ഘടകം ഏത് ?
ക്യാമറ

10.K എന്നതിൻെറ പൂർണരൂപം ?
കിലോബൈറ്റ്

# 2.കവിതകൾ

## നെൽക്കതിർ




പുഞ്ചപ്പാടത്തെ നെൽക്കതിർ കൊത്താൻ

തത്തകളൊത്തിരി  വരവായി....

കളിയും ചിരിയും കഥകൾ പറഞ്ഞും

ആകാശം താണ്ടി വരുന്നുണ്ടേ....

പച്ചപ്പട്ടു   വിരിച്ചൊരു  വയലിൽ

പറന്നിറങ്ങി പൊൻകിളികൾ....

പൊന്നിൻമുത്തുപതിച്ചൊരു നെൽക്കതിർ

കൊത്തിയെടുത്തു പറന്നേപോയ്....

ചക്കരമാവിൻ കൊമ്പത്തേറി
നെൽക്കതിർ തിന്ന പൊൻകിളികൾ
അലഞ്ഞുവന്നൊരു കാറ്റും  കുളിരും
കുളിർമയേകിക്കോണ്ടേ  പോയ്

പറന്നുവന്നേ തത്തകളൊത്തിരി
ഇത്തിരി പയർമണി തിന്നാനായ്
വിരുന്നു വന്നേ കുഞ്ഞിക്കിളികൾ
വിശപ്പകറ്റാൻ,തിരിച്ചുപോകാൻ
അലഞ്ഞുവന്നൊരു കാറ്റ് പറഞ്ഞു
"വിരുന്നുകാരെ, തിരിച്ചുപോകൂ......”

# മഴ



മഴ മഴ മഴ മഴ
മാനത്തു നിന്നൊരു
ചെറുമഴ, പെരുമഴ,ചാറ്റൽമഴ
തുള്ളിക്കൊരു കുടമായി പെയ്തിടും
ചെറുമഴ, പെരുമഴ, തുള്ളിമഴ
അവിടെ പെയ്തു, ഇവിടെ പെയ്തു
എല്ലാ തീരവും താണ്ടി താണ്ടി
വലിയ            മഴ...........
അരുവികളായി,തോടുകളായി
പുഴകളുമായി തീർന്നീടും മഴ
ആറുകളായി   ചെറുതായി
വലുതായി കടലുകളായും മാറീടും
മഴ   മഴ   മഴ   മഴ

മാനത്തു     നിന്നൊരു
ചെറുമഴ , പെരുമഴ ,  ചാറ്റൽമഴ.

# കാത്തിരിപ്പ്



വിരഹമോതും വിളക്കുമാടം
തിരയൊരുങ്ങി
തീരമണയാനായി മന്ത്രവീണേ
നിൻ   നാദങ്ങൾ  മാഞ്ഞു-
പോയി എൻ മനസ്സിനുള്ളിൽ.....
വഴിക്കണ്ണുമായി ഒരാൾ മറന്നിട്ടു-
മെൻ  മനക്കണ്ണിലോ......
പറന്നെത്തിടും ഇരുൾ കാട്ടിലെ
നിഴൽ   പക്ഷി   പോൽ
ഞാൻ  ഏകയായ്   നിൽക്കവേ.

# അമ്മക്കിളി



ആകാശനിലാവ് ....

തെളിയുന്നപോലയോ....?

എന്നമ്മനിലാവ് ....

വിടരുന്നപോലയോ....?

എന്നുള്ളിൽ  തെളിയും

അത്  സത്യമാകുമോ?

ആകാശനിലാവ്   തെളിയുന്ന പോലെയോ?

എന്നമ്മനിലാവ്   വിടരുന്നപോലയോ?

കടലാഴംപോലെ  എന്നമ്മ മനസ്സ്

എൻമിഴിനീർത്തുള്ളി  ഒരു

മഞ്ഞുതുള്ളി പോൽ

എന്നമ്മ മനസ്സിൽ

ഒരു    നൊമ്പരനാദം.

ആകാശനിലാവ്   തെളിയുന്ന പോലെയോ?

എന്നമ്മനിലാവ്    വിടരുന്നപോലെയോ?

## 3.പാടി രസിക്കാം

കാ,കാകൃതി കനകൃതി
കാക്കേ നിന്നുടെ
കൃ, കൃകൃതി കുനകൃതി
കൂടെവിടെ ?

മാ,മാകൃതി മനകൃതി
മാവിൻെറ,
കോ,കോകൃതി കൊനകൃതി
കൊമ്പത്ത്.

മഴയേ മഴയേ പോ പോ പോ........
ഇനിയൊരു നാളിൽ വാ വാ വാ......
അമ്മുകുട്ടി കളിച്ചോട്ടെ
മഴ മഴ മഴയേ പോ പോ പോ.....

## പൂമ്പാറ്റ

പൂവുകൾ തേടും പൂമ്പാറ്റ......
പൂന്തേൻ ഉണ്ണും പൂമ്പാറ്റ....
പൂമ്പൊടി വീശും പൂമ്പാറ്റ....
പൂവിലുറങ്ങും പൂമ്പാറ്റ..... (2)

മഴവില്ലാണോ നിന്നമ്മ....
തരുമോ നീയൊരു കുഞ്ഞുമ്മ.....
മുങ്ങാം പൊങ്ങാം ഇളവെയിലിൽ...
നീന്താം മറിയാം പൊൻവെയിലിൽ..

ആരുനിനക്കീയഴകേകി....
മഴവില്ലോ പൊൻവെയിലോ......
ആരുനിനക്കീയഴകേകി......
പൂമ്പൊടിയോ........പൂന്തേനോ....

## കുഞ്ഞിതത്ത

അത്തിമരത്തിലെപൊത്തിലെ തത്തമ്മ...

അത്തംനാഴൊന്നിൽ മുട്ടയിട്ടു....

അത്തം പത്തിനമുട്ടവിരിഞ്ഞു......

തത്തമ്മക്കൂട്ടിലു കുഞ്ഞിത്ത.......

അമ്മപൊന്നുണ്ണിക്കൊരുഞ്ഞിട്ടു...

അതിലിരുന്നാടുന്ന കുഞ്ഞിതത്ത....

ചാഞ്ചക്കം ചാഞ്ചാട് പൊന്നുണ്ണീ.......

ചാഞ്ചക്കം പാടുന്ന തത്തമ്മ.....

## കാക്കക്കളി

കാക്കോത്തിക്കാവിലെ കാക്കതമ്പ്രാട്ടി......
കല്ല്യാണം വന്നപ്പോൾ ബ്യൂട്ടിയാകാൻ പോയി....
കണ്ടാലഴകുവേണം  കൊക്കിൻെറ ചേലുവേണം.
കാണുന്നോരെല്ലാം കണ്ണുതള്ളേണം...

നന്നായിപൗഡറിട്ട് ചുണ്ണാമ്പു ചായമിട്ട്......
കൊക്കിൻെറ ഗമയടിച്ച് കാക്കനടന്നു.....
കല്ല്യാണമായപ്പോൾ കാക്കകുളിച്ചു.....
കാട്ടിലുള്ളകൂട്ടുകാര് ആർത്തുചിരിച്ചു.......

## 4.കഥകൾ

### കീരിയും കുഞ്ഞുങ്ങളും

ഒരുകീരിയും അതിൻെറ കുഞ്ഞുങ്ങളും വയലിൻെറ സമീപത്താണ് താമസിച്ചിരുന്നത്.വയലിൽ നെല്ലുവിളയുന്ന കാലമായപ്പോൾ തള്ളക്കീരി അതിൻെറ കുഞ്ഞുങ്ങളോട് പറഞ്ഞു:

“മക്കളേ,കൊയ്ത്തിനു സമയമായി.ഇനി മനുഷ്യരുടെ ഉപദ്രവം ഏതു സമയവുമുണ്ടാവും.അതിനാൽ നിങ്ങൾ എപ്പോഴും
കരുതിയിരിക്കണം.”ഒരു ദിവസം വൈകുന്നേരം തള്ളക്കീരി
തൻെറ കുഞ്ഞുങ്ങൾ പറഞ്ഞു:

“അമ്മേ,ഇന്ന് വയലിൻെറ ഉടമസ്ഥനും അയാളുടെ ഭാര്യയും കൂടി വന്നിരുന്നു. നെല്ല് നാളെ കൊയ്യുന്നുണ്ടെന്നും
അതിനായി അയൽക്കാരോട് പറയണമെന്നും തീരുമാനിച്ചാണ്
അവർ പോയത്.”
അത്രയല്ലേയുള്ളൂ;ഭയപ്പെടാനില്ലാ കുഞ്ഞുങ്ങളോട് തള്ളക്കീരി പറഞ്ഞു.

പിറ്റേദിവസവും ആഹാരവുമായി തിരിച്ചെത്തിയ കീരിയോട് കുഞ്ഞുങ്ങൾ പറഞ്ഞു:"അമ്മേ ഇന്നും അവർ വന്നിരുന്നു.കൊയ്യാൻ അയൽക്കാരെ കിട്ടാത്തതിനാൽ ബന്ധുക്കളേയും കൂട്ടി നാളെ വരുമെന്നും പറഞ്ഞാണ് തിരികെപോയത്"'. അപ്പോഴും തള്ളക്കീരി പറഞ്ഞു : ഭയപ്പെടാനില്ല മൂന്നാം ദിവസവും വൈകുന്നേരം ഇരതേടിപോയി വന്ന കീരിയോട് കുഞ്ഞുങ്ങൾ പറഞ്ഞു: "അമ്മേ ഇന്നും കൃഷിക്കാരനും ഭാര്യയും വന്നിരുന്നു. നെല്ല് പഴുത്തുപോകുന്നു. അയൽക്കാരെയും ബന്ധുക്കാരെയും കിട്ടാത്തതിനാൽ നാളെ അവർ തന്നെ കൊയ്യാൻ വരുമെന്നും പറഞ്ഞാണ് പോയത്. അപ്പോൾ തള്ളക്കീരി പറഞ്ഞു : "മക്കളേ ഇന്നുതന്നേ നമുക്ക് ഇവിടെ നിന്നും മാറണം. കാരണം അവരുടെ കാര്യം നോക്കാൻ തീരുമാനിച്ചിരിക്കുകയല്ലേ നാളെ

എന്തായാലും അവർ

കൊയ്യാൻ വരും." കീരിയും മക്കളും അധികം വൈകാതെ തന്നെ വേറെ താമസസ്ഥലം കണ്ടെത്തി പുറപ്പെട്ടു. അവരവരുടെ കാര്യം എപ്പോഴും അവരവർ തന്നെ നോക്കണം. അതിനായി മറ്റുള്ളവരെ ആശ്രയിച്ചിട്ടു കാര്യമില്ല.

# അലാവുദീനും അത്ഭുതവിളക്കും



പാവപ്പെട്ട ഒരു  കുടുംബത്തിലാണ് അലാവുദ്ദീൻ ജനിച്ചത്. എന്നും

അവന് ദുരിതങ്ങളും
 കഷ്ടപ്പാടുമായിരുന്നു ജീവിതത്തിലുണ്ടായിരുന്നത്. ഒരു ദിവസം സന്ധ്യയ്ക്കുമുമ്പ് അലാവുദ്ദീനോട് ഉമ്മ പറഞ്ഞു : "മോനെ, അത്താഴം വയ്ക്കണം, പക്ഷേ അടുപ്പിലിടാൻ ഒരു കരിയിലത്തുണ്ടു പോലുമില്ല. കാട്ടിൽ പോയി ഇത്തിരി ചുള്ളികമ്പുകൾ ഒടിച്ചുകൊണ്ടുവാ വേഗം.
ഉമ്മയുടെ നിർദേശ പ്രകാരം അലാവുദ്ദീൻ കാട്ടിലേക്ക് പുറപ്പെട്ടു.നടന്നുപോകുന്നതിനിടയിൽ, പുൽപ്പടർപ്പുകൾക്കിടയിൽ ഒരു ചെറിയ വിളക്ക് അവൻെറ ശ്രദ്ധയിൽപ്പെട്ടു. അവൻ ആ വിളക്കെടുത്തു. ക്ലാവും പൂപ്പലും പിടിച്ച് എണ്ണ പുരണ്ട് വൃത്തികെട്ട ഒരു കൊച്ച് ഓട്ടുവിളക്കായിരുന്നു അത്. അത് മടിയിൽ വയ്ക്കാൻ അവന് അറപ്പുതോന്നി. മുഴുവൻ അഴുക്ക്.കാട്ടിൽ നിന്ന് കുറച്ച് ചപ്പുചവറുകൾ വാരിയെടുത്ത് ഒന്ന് തുടച്ചു വെടിപ്പാക്കാൻ തീരുമാനിച്ചു.അലാവുദ്ദീൻ തൻെറ കയ്യിൽ കിട്ടിയ ഉണങ്ങിയ ഇലകൾ ഉപയോഗിച്ച് ആ ഓട്ടുവിളക്ക് അമർത്തിത്തുടച്ചപ്പോൾ, മുളക്കം പോലെ പേടിപ്പെടുത്തുന്ന ഒരു ശബ്ദം. നിമിഷങ്ങൾക്കകം ആനയോളം വലുപ്പം തോന്നിക്കുന്ന ഒരു കരിംഭൂതം മുന്നിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. അലാവുദ്ദീൻ പേടിച്ചു വിറച്ചു. അവൻെറ ഭയവും വിറയലും കണ്ട് ഭൂതം സ്നേഹത്തോട് അവനോട് പറഞ്ഞു. "മകനേ ,പകയ്ക്കാതെ, ഈ വിളക്കിൻെറ അതിപനാണ് ഞാൻ. ആര് ഇതെടുത്ത് തുടച്ചാലും, ആ തുടച്ചയാളുടെ മുന്നിൽ പ്രത്യക്ഷനാകും അത് എൻെറ കടമയാണ്. എന്നിട്ട്, ആ ആൾ എന്ത് ആവശ്യപ്പെട്ടാലും അത് നൽകും.അതെൻെറ ഉത്തരവാദിത്വമാണ്. അതുകൊണ്ട് നിൻെറ ആഗ്രഹഹം എന്താണ്".

ഭൂതത്തെ കണ്ട ഞെട്ടലോടുകൂടി അലാവുദ്ദീൻ പറഞ്ഞു:"ഞനൊരു പാവപ്പെട്ടവനാണ്." നേരാനേരങ്ങളിൽ അരി വെയ്ക്കാറില്ല. കത്തിക്കാനില്ല. ചെറ്റപ്പുര ഇക്കുറി കെട്ടിമേഞ്ഞിട്ടില്ല." 'ശരി.' ഭൂതം

എടുത്തു ചോദിച്ചു. “നിനക്കെന്തു വേണം? അലാവുദ്ദീൻ പറഞ്ഞു: എനിക്ക് നല്ലൊരു വീടുവേണം. "അരി വേണം. വിറകു വേണം.

നിൻെറ ആഗ്രഹം പോലെയാകട്ടെ.”

മകനേ.... നീ ആവശ്യപ്പെട്ടതെല്ലാം ഞാൻ നിർവഹിച്ചു കഴിഞ്ഞിരിക്കുന്നു.നിൻെറ പഴയചെറ്റക്കുടിലുണ്ടായിരുന്ന സ്ഥാനത്ത് ഒരു പടുകൂറ്റൻ ബംഗ്ലാവ് ഞാൻ സൃഷ്ടിച്ചിട്ടുണ്ട്. അവിടെ നിനക്കാവശ്യമായ സകല സൗകര്യങ്ങളും ഞാൻ ഒരുക്കിയിട്ടുണ്ട്. ഒന്ന് ഓർമയിൽ വച്ചിരിക്കുക, ഈ വിളക്ക് നീ സൂക്ഷിച്ചു വയ്ക്കുക. ഇനിയും എന്തെങ്കിലും വേണമെന്ന് തോന്നിയാൽ വിളക്ക് എടുത്ത് ഒന്നു തുടച്ചാൽ മതി. ഞാൻ നിൻെറ മുന്നിൽ പ്രത്യക്ഷനാകുന്നതായിരിക്കും. ഒരു കാര്യം പ്രത്യേകം ഓർമയിൽ സൂക്ഷിക്കുക, ഈ വിളക്കിനെ കുറിച്ചോ , അതിൻെറ മഹത്വത്തെക്കുറിച്ചോ, മറ്റാരോടും പറയരുത്. സ്വന്തം ഉമ്മയോടുപോലും.പറഞ്ഞാൽ പിന്നീട് ഉപയോഗിക്കാൻസാധിക്കുകയില്ല. അലാവുദ്ദിൻ ഭൃതത്തിൻെറ വാക്കുകൾ കേട്ടതിനുശേഷം വിളക്കുമായി വീട്ടിലേക്ക് മടങ്ങി . ആശ്ചര്യത്തോടെ നിൻ ഉമ്മയേയാണ് അവൻ വീട്ടിലെത്തിയപ്പോൾ കണ്ടത് .

“ നമ്മുടെ പ്രർത്ഥനയുടെ ഫലമായാണ് ഈ സുഖസൗകര്യങ്ങൾ നമുക്ക് ലഭിച്ചത് .”അലാവുദ്ദിൻ ഉമ്മയോടു പറഞ്ഞു .

വിളക്കിനെക്കുറിച്ചോ അതിൻെറ മഹത്വത്തെക്കുറിച്ചോ അലവുദ്ദീൻ ഒരക്ഷരം മിണ്ടിയില്ല . അങ്ങനെ ദുരിതങ്ങളും കഷ്ടപ്പാടുകളും ഇല്ലാതെ ഉമ്മയും അലാവുദ്ദീനും സന്തോഷത്തോടെ ജീവിച്ചു .

# “അങ്ങനെ പറഞ്ഞാ സൂചി കിട്ട്വോ?”



രസകരങ്ങളായ കഥകളുടെ  അക്ഷയപാത്രമാണ് മുത്തശ്ശി. എത്ര പറഞ്ഞാലും അവസാനിക്കാത്ത   വിധം ധാരാളം കഥകൾ മുത്തശ്ശക്കറിയാം. ഒരു ദിവസം മുത്തശ്ശി പറഞ്ഞത് മറ്റൊരു മുത്തശ്ശിയുടെ   കഥയാണ്.കുട്ടികളെല്ലാവരും   അരികത്ത് ശ്വാസമടക്കിപ്പിടിച്ചിരുന്നുകഥ കേൾക്കാൻ. ഓരാവാചകങ്ങൾ അസാനിക്കുമ്പോഴും അവർ മൂളിക്കൊണ്ടിരുന്നു.

ഒരു മഞ്ഞു കാലമായിരുന്നു അത്. ഇളം വെയിലേൽക്കാൻ ആ മുത്തശ്ശിയ്ക്ക്  ആഗ്രഹം തോന്നി. തുന്നിക്കുത്താനുള്ള കീറിയ വസ്ത്രങ്ങളുമെടുത്ത്, സൂചിയും നൂലുമായി മുത്തശ്ശി   കിണറിന്റെ   വായ്ക്കല്ലിൻമേൽ   ചെന്നിരുന്നു. തെങ്ങിൻതലപ്പുകളുടെയും മരങ്ങളുടെയും തണലിൽ. അവിടെ ഇരുന്ന് മുത്തശ്ശി കീറിയതുണി തുന്നിച്ചേർക്കുകയായിരുന്നു.

പെട്ടെന്ന് മുത്തശ്ശിക്കൊരബദ്ധംപറ്റി. തുണിതുന്നിച്ചേർക്കുന്നതിനിടയിൽ നൂലിൽനിന്ന് സൂചി വഴുതി കിണറ്റിൽ വീണു. കഥകേട്ടുകൊണ്ടിരുന്ന കുട്ടികളോട് മുത്തശിചോദിച്ചു: “മ്ളം മ്ളം എന്ന് മൂളിയാൽ സൂചി കിട്ട്വോകുട്ട്യോളേ?”

'ങ് ഏ' “അങ്ങനെ പറഞ്ഞാൽ സൂചി കിട്ട്വോ?”. “എറങ്ങി എടുക്കണം.” “എറങ്ങി എടുക്കാമെന്നുപറഞ്ഞാൽ സൂചി കിട്ട്വോ?” “മുത്തശ്ശി പറയ്.” “അങ്ങനെ പറഞ്ഞാൽ സൂചി കിട്ട്വോ?”കുട്ടികൾ ഒന്നിച്ചു ചിരിച്ചു.

“എല്ലാവരും കൂടി ചിരിച്ചാൽ സൂചി കിട്ട്വോ? ” അങ്ങനെ ആയുഷ്ക്കാലം മുഴുവൻ എത്ര എത്ര ചോദ്യങ്ങൾ ചോദിച്ചാലും മറുപടികൾ പറഞ്ഞാലും അവസാനിക്കാത്ത ഈ മുത്തശ്ശിക്കഥ അങ്ങനെ തുടർന്നുകൊണ്ടേ യിരുന്നു.

## വാര്യരും നമ്പ്യാരും

മാർത്താണ്ഡവർമ മഹാരാജാവിന്റെ കൊട്ടാരത്തിലെ രണ്ടു കവികളായിരുന്നു ഉണ്ണായി വാര്യരും കുഞ്ചൻ നമ്പ്യാരും.ഒരിക്കൽ കുളികഴിഞ്ഞുവരുന്ന ഇരുവരോടുമായി മഹാരാജാവ് ചോദിച്ചു:

“എവിടയായിരുന്നു കുളി?”

“കരി കലക്കിയ ജലത്തിലായിരുന്നു അടിയന്റെ കുളി”

ഉണ്ണായി വാര്യരുടെ മറുപടികേട്ട രാജാവ് ചോദിച്ചു:

“നമ്പ്യാരോ?”

“കലഭം കലക്കിയ ജലത്തിലായിരുന്നു അടിയന്റെ കുളി?”

ഇരുവരും കുളിച്ചത് ഒരേ സ്ഥലത്ത്.എന്നാൽ പറഞ്ഞതോ?

കൂട്ടുകാരേ, രണ്ടുപേർ പറഞ്ഞതിന്റെയും അർഥം ഒന്നുതന്നെയാണ്.ആന കലക്കിയ വെള്ളത്തിൽ എന്നർഥം. ആനയ്ക്ക് കരിയെന്നും കളഭമെന്നും പര്യയപദമുണ്ട്.

നമ്പ്യാരുടെ തമാശ രാജാവ് ശരിക്കും ആസ്വദിച്ചു.

## വികൃതിയായ കുരങ്ങൻ

ഒരിടത്തൊരിടത്തൊരു കുരങ്ങനുണ്ടായിരുന്നു. അവൻ മഹാവികൃതിയായിരുന്നു. അവൻ എല്ലാവരേയും ദ്രാഹിക്കും. ഒരിക്കൽ സുഹൃത്തുക്കളായരണ്ടു പക്ഷികളെ അവൻ മരത്തിൽ നിന്നോടിച്ചു. അവർ അവനേ നോക്കി പറഞ്ഞു. " ഇവൻ മരത്തിൽ നിന്നും വീഴത്തുമില്ലേ....."

അതു പറഞ്ഞതും കുരങ്ങൻ മരത്തിൽ നിന്നും താഴെ വിണു, പാവം അവൻെറ വാലൊടിഞ്ഞു.വാലുപോയ അവൻ കരഞ്ഞുകൊണ്ട് പക്ഷികളോട് പറഞ്ഞു. ഇതിനെന്താണൊരു പരിഹാരം...... പക്ഷികൾ പറഞ്ഞു " വേഗം വൈദ്യൻെറ അടുത്ത് വേഗം പൊയ്ക്കോ"

ഇതു കേട്ടയുടൻ കുരങ്ങൻ വൈദ്യനടുത്തേക്ക് പാഞ്ഞു. എന്നാൽ വൈദ്യൻ ഒടിഞ്ഞവാല് മുറിച്ചു. കുരങ്ങൻെറ വിധം മാറി. "ഏ എൻെറ വാല് മുറിച്ചോ?"

എൻെറ വാല് എനിക്ക് തിരികെ വേണം. ഇല്ലെങ്കിൽ എനിക്കീകത്തി വേണം. കുരങ്ങൻെറ

ശല്യം കാരണം വൈദ്യർ കത്തി കൊടുത്തു. അതും വാങ്ങി പോയി. വഴിയിൽ

ഒരു കുട്ടി  മാങ്ങ എറിയുന്നു. കുരങ്ങൻ പറഞ്ഞു. കുട്ടീ ഈ മാങ്ങ വീഴ്ത്താൻ ഈ കത്തി എടുത്തോ? കുട്ടി മാങ്ങ എറിഞ്ഞു.കുരങ്ങന്റെ വിധം മാറി. ഏ..... എന്റെ കത്തി എവിടെ....

കുട്ടി പറഞ്ഞു. ക ....ക ...കത്തി  മരത്തിൽ കുടുങ്ങി. കുരങ്ങൻ പറഞ്ഞു . ഒന്നിങ്കിലെനിക്കീ മാങ്ങ വേണം. അല്ലെങ്കിൽ എനിക്കെന്റെ കത്തി വേണം. കുട്ടി മാങ്ങ കൊടുത്തു. കുരങ്ങൻ  മരക്കൊമ്പിലിരുന്നു പാടി.'വാലു പോയി.....കത്തി കിട്ടി ഡും ഡും ഡും......കത്തി പോയി മാങ്ങ കിട്ടി ഡും ഡും ഡും ഡും...........'

# 5.ക്വിസ്

1.കുഞ്ഞുങ്ങളെ പ്രസവിക്കുന്ന ഒരേ ഒരു തരം മത്സ്യം?

സ്രാവ്

2.മണം പിടിക്കുന്നതിൽ നായയേക്കാൾ കഴിവുള്ള മത്സ്യം

ഈൽ

3.ബോട്ടണി എന്തിനെക്കുറിച്ചുള്ള പഠനമാണ്?

സസ്യങ്ങളെ

4. ലോകത്തിലെ ഏറ്റവും പൊക്കമേറിയ മാൻ?

അമേരിക്കയിലെ അലാസ്കയിലുള്ളമൂസ്

5.'ടൈഗർ ഹോഴ്സ്' എന്ന് പുരാതന റോമാക്കാർ വിളിച്ചിരുന്ന

മൃഗമേത്?

വരയൻ കുതിര

ശുഭം

## നന്ദി

അറിവിന്റെ ഇന്ദ്രജാലത്തിലേക്കുള്ള യാത്ര വലിയൊരു അനുഭവമായിരുന്നു.കഥയും കവിതയും നിറയുന്ന ഈ ഡിജിറ്റൽ മാഗസിന്റെ നിർമാണവേളയിൽ കമ്പ്യൂട്ടർ ഞങ്ങളുടെ പ്രിയ ചങ്ങാതിയായി മാറി.

ഈ മാഗസിൻെറ നിർമാണവേളയിൽ ഞങ്ങളെ സഹായിച്ച അധ്യാപകർക്കും വിദ്യർത്ഥിസുഹൃത്തുക്കൾക്കും നന്ദിയോടെ.....

സയന.ബി, ദേവിനന്ദന.ഡി എസ്